ദുക്കനാണെന്നു വിചാരിച്ചു പലരും ആ യുവാവിനെ കളിയാക്കി. എങ്കിലും ചോദിച്ചാൽ മിക്കവരും എന്തെങ്കിലും കൊടുക്കും. ഫ്റാൻസിസിന്റെ പഴയ സുഹൃത്തുക്കളിൽ ചിലർ, അനുകമ്പാർദ്രതയാലോ വെറും വിനോദമോർത്തിട്ടോ ഇറങ്ങിവന്ന് കുമ്മായം കൂട്ടിക്കൊടുത്തും കല്ലെടുത്തുവച്ചും ചിലപ്പോഴൊക്കെ സഹായിച്ചു. വിനോദവും സേവനവും കൂടികലർന്ന ഈ ജീവിതചര്യയിൽ ഫ്റാൻസിസ് അങ്ങേയററം രസിച്ചു.

അടുത്താൽ ആരും ഫ്റാൻസിസിനെ സ്നേഹിച്ചുപോകും. ആ ജീവിതലാളിത്യവും വിനയശീലവും ആരെയും ആകർഷിച്ചുകളയും. സാൻഡാമിയാനോയിലെ പുരോഹിതനും ഇതു കാലക്രമേണ മനസ്സിലാക്കി. പലപ്പോഴും അഭിപ്രായഭിന്നതകൾ കൊടുമ്പിരികൊള്ളാറുണ്ടെങ്കിലും, തന്റെ ഹൃദയത്തിൽ ആ യുവാവിന് ഒരു സ്ഥാനം, അബോധപൂർവമായിട്ടെന്നുതന്നെ പറയാം, അനുവദിച്ചുകൊടുക്കേണ്ടിവന്നു. അച്ചന്റെ വരുമാനം വളരെ തുച്ഛമായിരുന്നെങ്കിലും ജോലിനിറുത്തിവരുമ്പോൾ ഫ്റാൻസിസിനു എന്തെങ്കിലും നല്ല ഭക്ഷണപദാർത്ഥങ്ങൾ കരുതിവയ്ക്കുന്നതിനു അദ്ദേഹം മറക്കാറില്ല. ആദ്യമാദ്യം ഫ്റാൻസിസ് ഇതിൽ അപാകതയൊന്നും കണ്ടില്ല. എന്നാൽ കുറേക്കഴിഞ്ഞപ്പോൾ ആ യുവാവിനു തോന്നി, തന്റെ ആതിഥേയനു ഒരു ഭാരമായിത്തീരുക ഒരിക്കലും ഉചിതമല്ലെന്ന്." നീ ദാരിദ്ര്യത്തിൽ ക്രിസ്തുവിനെ അനുഗമിക്കാൻ തീരുമാനിച്ചു. ഒരു പാവപ്പെട്ടവന്റെ ജീവിതരീതി ഇതൊന്നുമല്ല. പോയി ഭിക്ഷതെണ്ടി ആഹാരം കഴിക്കണം." ഫ്റാൻസിസ് സ്വയം പറഞ്ഞു.

ആക്ഷേപാർഹമെന്നോ? ശരി, ഒരു പക്ഷേ, അങ്ങനെതന്നെയായിരിക്കണം. മററുള്ളവരുടെ ദൃഷ്ടിയിൽ ആക്ഷേപാർഹമെന്നു തോന്നുന്ന വിധം പെരുമാറുന്നതിൽ ഫ്രാൻസിസിനു യാതൊരു വൈമനസ്യവുമുണ്ടായിരുന്നില്ല. മനുഷ്യത്വത്തെ ബന്ധനത്തിലാക്കി ദണ്ഡിപ്പിക്കുന്നതെന്നു നിങ്ങൾ വിശ്വസിക്കുന്ന ഒരു നാഗരികതയെ സാമാന്യബുദ്ധി ഉപയോഗിച്ചോ സന്മാതൃകകൾ പ്രസംഗിച്ചോ ബുദ്ധ്യുപദേശം ചെയ്യാൻ സാദ്ധ്യമല്ല. ഫ്റാൻസിസിന്റെ അഭിപ്രായത്തിൽ ബർണാഡണിന്റെ പുത്രനല്ല, അന്നത്തെ നാഗരികതയാണ് പരിഹാസ്യമാംവിധം പെരുമാറിയതു്. ഹംസതൂലികാശയ്യയിൽ കിടന്നുള്ള പ്രബോധനങ്ങളൊന്നും തനിക്ക് ചേർന്നതല്ല. സാമാന്യബുദ്ധി ഇപ്രകാരം മന്ത്രിച്ചു: "ഫ്റാൻസിസേ, പിതാവ് ദയാപൂർവം നീട്ടിയ ഹസ്തം സ്വീകരിക്കുക; മണ്ടത്തരം കാണിക്കരുതെ." അപ്പോഴേക്കും ആത്മീകാന്തർബോധം ചാടി വീഴും. "പാടില്ല. പോയി, തെണ്ടുക. അല്ലാത്തപക്ഷം, ദാരിദ്ര്യത്തോടു വിശ്വസ്തത പാലിക്കാൻ നിനക്കു സാധ്യമാവില്ല. ഇന്നത്തെ നിന്റെ ജീവിതരീതി സുഖപ്രദമാണ്, ദാരിദ്ര്യമല്ല. പുറത്തുപോയി പിച്ചതെണ്ടുക. അങ്ങനെ ഉൽക്കർഷബോധത്തിന്റെയും മൃദുലതയുടെയും അന്തിമ വിന്യാസങ്ങൾകൂടി കഴുകിക്കളഞ്ഞു സ്വയം ശുദ്ധീകരിക്കുക. ഏററവും ദാരിദ്ര്യമനുഭവിക്കുന്നവരോടു കൂറു പുലർത്തണമെങ്കിൽ, അതിന്റെ ഉരകല്ല് ഭിക്ഷാടനമാണ്."

ഒരു പാത്രവുമെടുത്തു ആ യുവാവ് ദിവസംതോറും നഗരത്തിലെ വീടുകൾ കയറിയിറങ്ങാൻ ആരംഭിച്ചു. മേശപ്പുറത്തു വീണു കിടക്കുന്ന ഉച്ഛിഷ്ടങ്ങളാണ് ഫ്റാൻസിസ് ആവശ്യപ്പെട്ടതു്. അസൂയാവഹമായ ഭക്ഷണമല്ലതു്. വാസ്തവം പറയട്ടെ, ആദ്യദിവസം ഫ്റാൻസിസിനു് ഓക്കാനം വന്നുപോയി. എന്നിരിക്കിലും, അതു തിന്നുകതന്നെ ചെയ്തു. തിന്നുകഴിഞ്ഞപ്പോൾ രുചികരമായി തോന്നി. ദാരിദ്ര്യത്തിന്റെ പാതയിൽ ഒരടികൂടി മുമ്പോട്ടു വച്ചു കഴിഞ്ഞു.

കുറേ കവിഞ്ഞുപോയല്ലോ എന്നു പലരും ചിന്തിച്ചേക്കാം. ധർമ്മം കിട്ടുന്ന ഭക്ഷണത്തിനു ഫ്റാൻസിസ് നൽകിയ പേരു് "കർത്താവിന്റെ മേശ" എന്നത്രെ. എന്താണിതിനർത്ഥം. ദൈവം തന്റെ കുടുംബത്തിനു മുഴുവൻ ആവശ്യമായ ഭക്ഷണപദാർത്ഥങ്ങൾ ലോകത്തിൽ കരുതിയിട്ടുണ്ടെങ്കിലും മനുഷ്യരാകട്ടെ അവ വസ്തുവകകളാക്കി രൂപാന്തരപ്പെടുത്തി, പരമദരിദ്രരെ ആട്ടിയോടിക്കുകയായിരുന്നുവെന്നോ? ഒരു മനുഷ്യൻ ദരിദ്രർക്കു് ഉദാരമായി നൽകുമ്പോൾ, ദൈവത്തിന്റെ സ്നേഹവും ഉദാരതയുമാണ് അവന്റെ കരങ്ങളിലൂടെ പ്രവർത്തിക്കുന്നതെന്നോ? ഒരു ദിവസം ഒരു സ്നേഹിതനോടൊന്നിച്ച് ഒരു കൊച്ചരുവിയുടെ തീരത്തു് ഒരു പാറപ്പുറത്തിരുന്ന്, യാചിച്ചുകിട്ടിയ ആഹാരം കഴിക്കവേ, ഫ്റാൻസിസ് പറഞ്ഞു: "ദൈവത്തിന്റെ മഹാകരുണയാൽ നൽകപ്പെട്ടതൊഴികെ മററു യാതൊന്നും നമുക്കില്ലാതെ വരുമ്പോൾ.... അതിമനുസമായ ശിലയാൽ നിർമ്മിതമായ ഈ മേശയും അച്ഛസ്ഫടികമായ ജലമൊഴുകുന്ന ഈ കൊച്ചു കുല്യയും നാം ഇരന്നു സമ്പാദിച്ച ഈ അപ്പക്കഷണവുമൊഴികെ മറെറാന്നും നമുക്ക് ഇല്ലാതെവരുമ്പോൾ—അതിനെയാണ് നിധിയെന്നു ഞാൻ വിളിക്കുക."

കല്ലുകൾ കുറെ ശേഖരിച്ചു കഴിയുമ്പോൾ ഫ്റാൻസിസ്, പൊള്ളുന്ന വെയിലത്തു നിന്ന് സ്വന്ത കരങ്ങൾകൊണ്ട് ഭിത്തിപണി തുടരും. കഠിനാധ്വാനമാവശ്യമായ ഒരു ജോലിയായിരുന്നു അതു്. എന്നിരിക്കിലും ഫ്റാൻസിസ് സദാ സന്തുഷ്ടചിത്തനായിരുന്നു. ചിലപ്പോഴൊക്കെ സമീപമുള്ള കർഷകജനത വന്നു നോക്കിനിൽക്കും. ചിലപ്പോൾ അവർ കുറേ നേരത്തേക്കു കല്ലുകളെടുത്തു കൊടുത്തു സഹായിച്ചുവെന്നും വരും.

കഠിനാധ്വാനം ചെയ്തു ക്ഷീണിച്ചിരിക്കുന്ന അവസരങ്ങളിലും സാൻസൽവത്തോരിലെ കുഷ്ഠരോഗികളെ സന്ദർശിക്കുന്നതിൽ അമാന്തം കാണിച്ചില്ല. അവർക്കു നൽകുവാൻ കൈവശം യാതൊന്നുമില്ലാതായെങ്കിലും അവരുടെ മുറിവുകൾ കഴുകിക്കൊടുക്കുന്നതിലും അവരുമായി സംസാരിക്കുന്നതിലും അവരോടൊന്നിച്ചു ചിരിക്കുന്നതിലും ചിലപ്പോൾ തനിക്കിഷ്ടപ്പെട്ട പഴയ ഫ്റഞ്ചു ഗീതങ്ങൾ ആലപിച്ച് അവരെ ആനന്ദിപ്പിക്കുന്നതിലും ഫ്റാൻസിസ് നിഷ്കർഷിച്ചിരുന്നു.

മകൻ ഭിക്ഷാപാത്രവുമായി പെരുവഴിയിലിറങ്ങിയ കഥ പിതാവിനെ കൂടുതൽ കുപിതനാക്കിയതേയുള്ളു. കുടുംബത്തിന്മേൽ പുതുതായി മറെറാരു അപമാനംകൂടി വലിച്ചുവയ്ക്കുകയാണ്, ആ കിറുക്കനായ മകൻ. വ്യാപാരമണ്ഡലത്തിൽ ഉയർന്നു പറക്കാനാരംഭിച്ച സഹോദരന്മാർക്കും ഫ്റാൻസിസ് ഒരു ശല്യകാരിയായിരുന്നു. തെരുവിൽ വച്ചു കണ്ടുമുട്ടുമ്പോഴൊക്കെ അവർ ജ്യേഷ്ഠ സഹോദരനെ പരിഹസിക്കുന്നതിലും ശപിക്കുന്നതിലും ഒട്ടും ലോപം കാണിച്ചില്ല.

അവസാനം സാൻഡാമിയാനോയുടെ പണി പൂർത്തിയായി. ഫ്റാൻസിസിന്റെ ഹൃദയം സന്തോഷാധിക്യത്താൽ ത്രസിച്ചു. ഇനിയുമെന്തു്? "ഫ്റാൻസിസ് എന്റെ പള്ളി കേട്ടുപോക്കുക" ആ ആജ്ഞ ചെവിയിൽ മുഴങ്ങിക്കൊണ്ടിരുന്നു. സമീപെതന്നെയുള്ള സാൻപീൻട്രോപള്ളി കേടുതീർക്കണം. ഉടനെ പണി ആരംഭിക്കുകയായി. അതു തീർന്നുകഴിഞ്ഞു് ഒരുദിവസം ആ താഴ്‌വരയിൽ നിന്നു ഫ്റാൻസിസ് കാട്ടിനുള്ളിലേക്കു നടന്നു അവിടെ അതാ വൃക്ഷനിരകളാൽ പരി

വേഷ്ടിതമായി ഇടിഞ്ഞു പൊളിഞ്ഞ ഒരു ചാപ്പൽ നിൽക്കുന്നു! മുററത്തു പുല്ലും വല്ലിയും പടർന്നു കയറിയിട്ടുണ്ട്.

പരമപ്രധാനമായ ഒരു നിമിഷമാണത്. പോർട്യാങ്കുല കണ്ടെത്തിയ നിമിഷം അതു കണ്ടതോടെ അത്യധികം ആകൃഷ്ടചിത്തനായി. ഒരാളെയോ ഒരു പദാർത്ഥത്തേയോ സ്നേഹിക്കുന്നതുവരെ നാം അയാളെയോ അതിനെയോ വാസ്തവത്തിൽ കാണുന്നില്ലെന്നു പറയണം. ഫ്റാൻസിസ് ആ ചാപ്പലിനെ നോക്കി നിന്നുപോയി. അതിനടുത്തായി ഒരു ബെനഡിക്ടൈൻ സെററിൽമെൻറിൻെറ അവശിഷ്ടങ്ങൾ കാണാമായിരുന്നു. ചാപ്പൽ വിശുദ്ധകന്യകമറിയാമിനു പ്രതിഷ്ഠിതമാണ്.

പോർട്യാങ്കുലയിലെ വിശുദ്ധമറിയുടെ നേർക്കു ഫ്റാൻസിസ് വീണ്ടും നോക്കി. ആ കൊച്ചു ചാപ്പലിനു ചുററും വൃക്ഷങ്ങളും കുററിക്കാടുകളും തഴച്ചുവളരുന്നു. വള്ളിക്കാടുകൾ പടർന്നു പന്തലിക്കുന്നു. വൃക്ഷസമൂഹങ്ങളുടെ നിശ്ശബ്ദതയും ചാപ്പൽ പരിസരങ്ങളിലെ ഏകാന്തതയും ആ യുവാവിൻെറ ആത്മാവിൽ നിർവൃതി കോരി. തൻെറ ദാരിദ്ര്യകുമാരിയെ ഉപാസിക്കുന്നതിനു പററിയ ആദർശസ്ഥാനമാണത്. ഇവിടമായിരിക്കണം തൻെറ സ്വന്തസങ്കേതം—ഒരു പ്രത്യേകാർത്ഥത്തിൽ തൻെറ സ്വന്തം ആരാധനാമന്ദിരം— പദ്ധതികൾ ഓരോന്നായി തലച്ചോറിനുള്ളിൽ ഇരമ്പി മുഴങ്ങിത്തുടങ്ങി. അതേ, ചാപ്പൽ പുനരുദ്ധരിക്കുക തന്നെ. ഒരു പക്ഷേ കിടപ്പുതന്നെ ഇങ്ങോട്ടു മാററിയാലെന്ത്? ഇവിടുത്തെ നിശബ്ദതയും വിദൂരതയും ഏകാന്തതക്കു വേണ്ടിയ തൻെറ ദാഹം ശമിപ്പിക്കാതിരിക്കില്ല. ആ രംഗം സാൽസൽവത്തോരിലെകുഷ്ഠരോഗിസ്നേഹിതരിൽ നിന്നു വളരെ ദൂരെയല്ലതാനും.

അങ്ങനെ, ഫ്റാൻസിസ് സാൻഡാമിയാനോയിലെ അച്ചനെ വിട്ടു, പോർട്യാങ്കുലയിൽ വന്നു ചാപ്പൽ പുനരുദ്ധരിക്കാൻ തുടങ്ങി. രാത്രി, ജോലി തീരുമ്പോൾ, അതിനടുത്തു വെളിമ്പ്രദേശത്തു കിടന്നുറങ്ങും.


## ചർച്ച് വീക്ക്‌ലി വരിസംഖ്യ

(എപ്പോഴും മുൻകൂർ)

| | രൂ. | ണ. | പ. |
|---|---|---|---|
| ഒരു വർഷത്തേക്ക് | 6 | 0 | 0 |
| ആറു മാസത്തേക്ക് | 3 | 0 | 0 |
| ഒററപ്രതി | 0 | 2 | 0 |
| ഇൻഡ്യക്കു വെളിയിൽ | 8 | 0 | 0 |


ക്രൈസ്തവലോകം

# റഷ്യയിലെ മതവിരുദ്ധ പ്രവർത്തനങ്ങളുടെ ഗതി

കെ. വി. മാമ്മൻ ബി. എ.

[1954 അഗസ്റ്റ് 10-ാംതീയതിയിലെ "ന്യൂയോർക്ക്ടൈംസി"നു പ്രത്യേകമായി മോസ്കോയിൽ നിന്നും മി. ഹാരിസൺ ഇ. സാലിസ്ബറി എഴുതിയ ഒരു ലേഖനത്തിൻെറ പരിഭാഷയാണു ചുവടെ ചേർക്കുന്നത്.]

മതവിശ്വാസത്തെ നിർമ്മൂലമാക്കുന്നതിനുള്ള പ്രചരണം റഷ്യയിലങ്ങോളമിങ്ങോളം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കമ്മ്യൂണിസ്ററുപാർട്ടിയുടെ ഈ പ്രചരണപ്രസ്ഥാനത്തിൻെറ വ്യാപ്തി എത്രമാത്രമാണെന്നു പ്രൊവിൻസിലേയും മോസ്കോയിലേയും പത്രങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നു. റഷ്യൻ ഓർത്തഡോക്സ്സഭയുടെ വിശ്വാസാചാരങ്ങളെയാണു നിശിതമായി വിമർശിച്ചിരിക്കുന്നതെങ്കിലും റോമൻകത്തോലിക്കസഭയുടെ വിശ്വാസത്തേയും ഇസ്ലാമിനേയും കൂടി ലക്ഷീകരിച്ചുള്ളതാണു ഈ മതവിരുദ്ധപ്രചരണപ്രസ്ഥാനം. ഒരു മതവിശ്വാസിക്കും വെറുപ്പുതോന്നത്തക്കവണ്ണം പ്രചരണം നടത്തരുതെന്നു പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്". യുവജനങ്ങളുടെ നേരെയാണു പ്രധാനമായും ഈ വിരുദ്ധപ്രവർത്തനം ശക്തീകരിച്ചിരിക്കുന്നത്. ഇതിൻെറ നാന്ദിയായി ഒരു മാസത്തിനുമുമ്പു 'പ്രവദ' എന്ന പത്രത്തിൽ ഒരു മുഖലേഖനം പ്രസിദ്ധീകരിച്ചു. ഇപ്പോൾരാജ്യമാസകലം ഈ പ്രചരണംനടമാടുന്നു. കമ്മ്യൂണിസ്റ്റ് യുവജനമുഖപ്പത്രമായ "കൊംസൊമോൾസ്കായാപ്രവദ" ഒരു പേജു മുഴുവനും മതവിരുദ്ധലേഖനങ്ങൾക്കു വേണ്ടി മാററിവച്ചിരിക്കുന്നു.

ഇപ്രകാരമുള്ള ഒരു പ്രസ്ഥാനം കുറച്ചുനാളുകളായി രൂപംകൊള്ളുകയായിരുന്നുവെന്നു വിശ്വസിക്കത്തക്കവണ്ണം ഇപ്പോൾ മതപരമായ പ്രശ്നങ്ങളെപ്പററി മാത്രം പ്രതിപാദിക്കുന്ന മൂന്നു പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിരിക്കുന്നു. കമ്മ്യൂണിസ്ററുപാർട്ടിയുടെ പ്രചരണപ്രസിദ്ധീകരണമായ 'പാർട്ടിലൈഫിൻെറ' അഗസ്റ്റ് 10-ാംനുയിലെ ലക്കത്തിൽ "സോവ്യററുയൂണിയനിൽ മതങ്ങൾ ശക്തി പ്രാപിച്ചുവരുന്നതുകൊണ്ടാണു ഇങ്ങനെ ഒരു പ്രസ്ഥാനം ആരംഭിക്കേണ്ടിവന്നതെന്നു സമ്മതിച്ചിരിക്കുന്നു. അടുത്ത കാലത്തു ക്രൈസ്തവസഭയും ഇതരമതവിഭാഗങ്ങളും റഷ്യയിലെ പിൻനിലജനങ്ങളുടെ മദ്ധ്യത്തിൽ മതതത്വസംഹിതകളും മററു പ്രവർത്തനങ്ങളും വളരെയധികം വ്യാപിപ്പിച്ചുവെന്നു "പാർട്ടിലൈഫ്" പ്രസ്താവിച്ചിരിക്കുന്നു. യുവജനങ്ങളെ ലക്ഷ്യമാക്കി ക്രൈസ്തവസഭ ശരിക്കാലോചിച്ചു രൂപവൽക്കരിച്ച ഒരു പദ്ധതി നടപ്പിലാക്കുകയായിരുന്നു എന്നും പാർട്ടിലൈഫ് തുടർന്നു പറഞ്ഞിരിക്കുന്നു.

പുതിയവിശ്വാസികളെ വിശിഷ്യാ യുവാക്കളേയും സ്ത്രീകളേയും ആകർഷിക്കുന്നതിനുവേണ്ടി പള്ളിആരാധനകൾ ആകർഷകത്വവും, മനോഹരത്വവും ഉള്ളതാക്കിത്തീർത്തിരിക്കുന്നുവെന്നും പ്രസ്തുത പ്രസിദ്ധീകരണത്തിൽ പറഞ്ഞിരിക്കുന്നു. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനച്ചെലവുകളും മെഴുകുതിരിച്ചെലവും കുറച്ചു സഭകൾ ജീവകാരുണ്യപരമായ പ്രനത്തനങ്ങളും വ്യക്തിപരമായ പ്രവർത്തനങ്ങളും വർദ്ധിപ്പിച്ചിരിക്കുന്നുവെന്നും ആ പത്രത്തിൽ എഴുതിയിരിക്കുന്നു.

സഭയുടെ ഇമ്മാതിരിയുള്ള പ്രവർത്തനങ്ങൾമൂലം പുതുതായി ആളുകൾ സഭയിൽ ചേർന്നുകൊണ്ടിരിക്കുന്നുവെന്നും ജനതാമദ്ധ്യത്തിൽ മതസ്വാധീനം വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്നും പാർട്ടിലൈഫ് നിർവ്യാജം സമ്മതിക്കുന്നു. ചില കമ്മ്യൂണിസ്ററുകൾ അവരുടെ സന്താനങ്ങളെ മാമോദീസാ മുക്കുകയും പള്ളിയാരാധനയിൽ സംബന്ധിക്കുകയും ചെയ്യുവെന്നും പ്രസ്തുത പത്രം രേഖപ്പെടുത്തിയിരിക്കുന്നു. മതത്തിനെതിരായ സമീപനം പ്രചരണംമൂലവും റേഡിയോപ്രക്ഷേപണംമൂലവും നടത്തുന്നതിനു പാർട്ടിലൈഫ് ആഹ്വാനം ചെയ്തിരിക്കുന്നു. ഭരണപരമായതോ വെറുപ്പുതോന്നിക്കുന്നതായോ ഉള്ള യാതൊരു സമീപനവും പാടില്ല എന്നും പത്രം പ്രത്യേകം ചൂണ്ടിക്കാണിച്ചശേഷം "ക്ഷമയോടുകൂടിയആശയവിശദീകരണം ശുപാർശ ചെയ്തിരിക്കുന്നു.

## സഭാവിരുദ്ധമുദ്രാവാക്യങ്ങൾ

കോംസോവോൾസ്കായ പ്രവദയിൽ Light Against Darkness എന്ന ശീർഷകത്തിൽ പ്രസിദ്ധീകരിച്ച ലേഖനത്തിൽ അനേകം മതവിരുദ്ധമുദ്രാവാക്യങ്ങളും ശൈലികളും ഉൾക്കൊണ്ടിരിക്കുന്നു. "ഒരു മെഴുകുതിരി, രണ്ടുമെഴുകുതിരി അങ്ങനെ പുരോഹിതനു ആടുകളെ കിട്ടുന്നു." "ജനങ്ങളുടെ അജ്ഞത പുരോഹിതനു ആദായം കിട്ടാനുള്ള മാർഗ്ഗം" നിങ്ങളുടെ മടിശ്ശീല ഒഴിഞ്ഞതാണെങ്കിൽ പുരോഹിതൻ ശ്രദ്ധിക്കുകയില്ല." "സന്യാസി ഒരു പുച്ചയല്ല; അയാൾ പാലിനെക്കാളും കൂടുതലായി വീഞ്ഞു ഇഷ്ടപ്പെടുന്നു." "മതം വിഷമാണ്." "കുട്ടികളെ അകററി നിറുത്തുക" എന്നിത്യാദി മുദ്രാവാക്യങ്ങൾ ഇതിലുണ്ടു. കുട്ടികൾക്കുവേണ്ടി പ്രസിദ്ധീകരിച്ചിരിക്കുന്ന "അന്ധകാരത്തിൽനിന്നും പ്രകാശത്തിലേക്ക്" എന്ന പുസ്തകത്തിൽ മാർക്ക് ടെയിൻ, ബൊക്കെഷിയോ, ചെക്കോവ്, ഗോർക്കി, പ്രൊസ്പർമെറിമി, മായക്കൊവിസ്കി മുതലായവരുടെ ലേഖനങ്ങൾ കൂട്ടിച്ചേർക്കുകയാണു ചെയ്തിട്ടുള്ളത്. മതപരമായ വിശേഷദിവസങ്ങൾ കൊയ്ത്തിനു വിഘാതമായിത്തീരുന്നു എന്നു ചില പത്രങ്ങൾ പറഞ്ഞുകൊണ്ടു ഗ്രാമീണപ്രദേശങ്ങളിൽ അവരുടെ പ്രതികാരാഗ്നി കത്തിക്കുകയാണ്. ചിലവിശേഷദിവസങ്ങൾ ആഘോഷിച്ചു ഒരാഴ്ചത്തെ ജോലിസമയം നഷ്ടപ്പെട്ടിരിക്കുന്നു എന്നു ഒരു ലേഖനത്തിൽ പറഞ്ഞിരിക്കുന്നു. യഹൂദമതത്തെ ഈ സംരംഭം സ്പർശിച്ചതായി റിപ്പോർട്ടില്ല.

### വിപ്ളവത്തിനുശേഷം

1917–ലെ ബോൾഷെവിക്ക് വിപ്ളവംമുതൽ റഷ്യയിൽ മതവിരുദ്ധപ്രവർത്തനങ്ങൾ ഒരു സാധാരണസംഭവമാണ്. അതിൻെറ ശക്തിയും പ്രചരണവും കാലാനുസൃതം കൂടിയും കുറഞ്ഞും ഇരുന്നു എന്നേയുള്ളു. വിപ്ളവം കഴിഞ്ഞ ഉടനെയും 1930—ാം മാണ്ടോടടുത്തുമാണ് ഭയങ്കരമായ മതപീഡ റഷ്യയിൽ ഉണ്ടായതു്. അക്കാലയളവിൽ പുരോഹിതന്മാർ അറസ്റ്റുചെയ്യപ്പെടുകയും, കൊല്ലപ്പെടുകയും പള്ളികൾ അടക്കപ്പെടുകയും ഉണ്ടായി.

അക്രമംമൂലവും പ്രകടനങ്ങൾ മൂലവും ആരാധനകൾ തടസ്സപ്പെടുത്തപ്പെട്ടു. വിദ്യാലയങ്ങളും ചലച്ചിത്രങ്ങളും പത്രങ്ങളും മതവിരുദ്ധമനോഭാവം സൃഷ്ടിക്കുന്നതിനുവേണ്ടി വിനിയോഗിക്കപ്പെട്ടു. ദൈവവിശ്വാസം ബുദ്ധിശൂന്യമായ അന്ധവിശ്വാസമാണെന്നു ശാസ്ത്രീയകണ്ടുപിടിത്തങ്ങളുടെ സഹായത്തോടുകൂടി പൗരന്മാരെ മനസ്സിലാക്കുന്നതിനു ശ്രമിച്ചു. എന്നാൽ രണ്ടാംലോകമഹായുദ്ധകാലത്തു ഗവണ്മെൻറു മതത്തോടുള്ള വിശിഷ്യാ ഓർത്തഡോക്സ്‌സഭയോടുള്ള ബന്ധത്തിൽ വലിയ അയവുവരുത്തി. ഇതു ജർമ്മനിയുമായുള്ള സമരത്തിൽ റഷ്യൻജനതയുടെ സാർവത്രികമായ പിൻതുണ ലഭിക്കുന്നതിനുവേണ്ടിയായിരുന്നു. റഷ്യയിലെ എല്ലാ മതവിഭാഗങ്ങളും പീഡയുടെ ഇടയിലും സ്വരാജ്യസ്നേഹം കാണിച്ചു എന്നുള്ളതു പ്രത്യേകം സ്മരണീയമാണ്.

# വിശ്വാസവും ആചാരക്രമവും

## ക്രിസ്തുവിലുള്ള നമ്മുടെ ഏകത്വവും സഭകളായുള്ള നമ്മുടെ വൈരുദ്ധ്യവും

"നാം അവൻെറ കൈപ്പണിയായി ക്രിസ്തുയേശുവിൽ സൽപ്രവൃത്തിക്കായി സൃഷ്ടിക്കപ്പെട്ടവരത്രേ."

നമ്മുടെ വിരുദ്ധനില അതുളവാക്കുന്ന സംഘർഷം

### 1. നമ്മുടെ ഏകത്വം

എക്യുമെനിക്കൽ സമ്മേളനങ്ങളിലും മററും സർവസാധാരണയായി ഉപയോഗിക്കാറുള്ളതുപോലെ 'ക്രിസ്തുവിലുള്ള ഏകത്വത്തെ കുറിച്ചു പറയുവാൻ നമുക്കു അവകാശമുണ്ടോ? വേദപുസ്തകത്തിൽ പറയുന്നതുപോലെയുള്ള 'ക്രിസ്തുവിലുള്ളവരുടെ കൂട്ടായ്മയോടു ഇന്നത്തെ സഭകളിലുള്ള അന്തരത്തെ ബന്ധിച്ചു വ്യാഖ്യാനിക്കേണ്ട ചുമതല നമുക്കുണ്ടല്ലോ.

വേദപുസ്തകത്തിൽ ചിത്രീകരിച്ചിരിക്കുന്ന ദൈവജനത്തിൻെറ ലക്ഷണം വചനത്താലും ആത്മാവിനാലും ഉല്പാദിതമായ കൂട്ടായ്മയാണ്. അതിൽ ജനങ്ങൾ ക്രിസ്തുവിൻെറ കർതൃത്വത്തെ ദർശിക്കുന്നു. തൻെറ കൃപയാൽ ജീവിക്കുന്നു. തൻെറ സേവനത്തിനു പ്രാപ്തരായിത്തീരുന്നു. അതിൻെറ ആരാധനയിലും, ആചാരക്രമത്തിലും ജീവനിലും ജീവിതത്തിൻെറ എല്ലാ രംഗങ്ങളിലുമുള്ള ക്രിസ്തുവിൻെറ കർതൃത്വത്തെ സഭ സാക്ഷിക്കുന്നു. ജാതികളുടെ ശത്രുതയെ വെല്ലുന്ന ദൈവികയോജിപ്പ്, സഭ അതിൻെറ സ്വഭാവത്താൽ തന്നെ ലോകത്തിനു ഉയർത്തിക്കാണിക്കുന്നു.

പുതിയനിയമം ഇവരെക്കുറിച്ചു പറയുന്നതു് ക്രിസ്തുവിൻെറ ശരീരം എന്നാണ്. ക്രിസ്തു തലയായിരുന്നു സകല വിശ്വാസികളേയും തന്നിൽ ഐക്യപ്പെടുത്തുന്നു. പരിശുദ്ധാത്മാവിലുള്ള കൂട്ടായ്മയാകയാൽ ഇതു വിശുദ്ധന്മാരുടെ—ക്ഷമ പ്രാപിച്ചു് വിശ്വാസത്താൽ നീതീകരിക്കപ്പെട്ടു് ക്രിസ്തുവിൽ പുതുമനുഷ്യരായിത്തീർന്നവരുടെ ഒരുകൂട്ടായ്മയാണ്. പരിശുദ്ധാത്മദാനം ഇവരുടെ പൊതുവായ അവകാശമത്രേ. പഴയ സൃഷ്ടിയുടേയും പഴയകാലത്തിൻെറയും മദ്ധ്യേ പുതിയ സൃഷ്ടിയേയും കാലത്തേയും പ്രതിനിധീകരിക്കുന്നതു് സഭയാണ്. ക്രിസ്തുവിൽ വിശ്വസിക്കുകയും സഭയിൽ ഉൾപ്പെടുകയും ചെയ്തവർ കാലത്തിൻെറ അന്തത്തിൽ എത്തിച്ചേർന്നതായി പുതിയനിയമം പറയുന്നു.

എന്നാൽ ക്രിസ്തു ന്യായവിധിയിൽ രണ്ടാമതു വരുമ്പോൾ വെളിപ്പെടുത്തപ്പെടുന്ന കൂടുതൽ ആഴമായ ഒരു ഐക്യതയെക്കുറിച്ചും വേദപുസ്തകം പ്രഖ്യാപിക്കുന്നുണ്ടു്. അക്കാലത്തു് എല്ലാരാജ്യങ്ങളിൽനിന്നും, ജാതികളിൽനിന്നും തൻെറ സ്വന്തജനത്തെ ക്രിസ്തു കൂട്ടിച്ചേർക്കുകയും അവരോടുകൂടി വിശുദ്ധ അത്താഴം കഴിക്കുകയും ചെയ്യും. "അവർ തൻെറ ജനം ആയിരിക്കും. ദൈവംതന്നെ അവരുടെ ദൈവമായി അവരോടുകൂടി ഇരിക്കും." (വെളി. 21, 3) ലോകത്തിലുള്ള എല്ലാ സഭകളുടെയും ഐക്യത അടിസ്ഥാനപ്പെട്ടിരിക്കുന്നതു ചരിത്രത്തിലെ ക്രിസ്തുവിൻെറ പ്രവർത്തനത്താൽ നൽകപ്പെട്ടിരിക്കുന്ന ഐക്യതയിലാണ്. ചരിത്രത്തിനതീതമായ ആ ഐക്യതയിലേക്ക്—അതും തൻെറ പ്രവർത്തനത്താലായിരിക്കും—അതു നീങ്ങിക്കൊണ്ടിരിക്കുന്നു. അപ്പോൾ പൂർണ്ണമായ വിളവ് കൊയ്യപ്പെടും. അതിൻെറ ആദ്യഫലം മാത്രമേ ഇപ്പോൾ നാം അനുഭവിക്കുന്നുള്ളു.

ഇപ്രകാരം പൊതുവായുള്ള ചിലവേദപുസ്തകപ്രമാണങ്ങളിൽ നാം യോജിക്കുന്നുണ്ടു. എന്നാൽ എവിടെയാണ് ഇവ സജീവമായിത്തീരുന്നതു്? നാം അഭിമുഖീകരിക്കേണ്ട പ്രശ്നങ്ങളിൽ ചിലതു് ഇവയാണ്.

---

സംഘർഷം–Tension

## വാരപഞ്ചാംഗം

| | അഗസ്റ്റ് | ചിങ്ങം |
|---|---|---|
| ഞായർ | 29 | 13 |
| തിങ്കൾ | 30 | 14 |
| ചൊവ്വാ | 31 | 15 |
| ബുധൻ | 1 | 16 |
| വ്യാഴം | 2 | 17 |
| വെള്ളി | 3 | 18 |
| ശനി | 4 | 19 |

**Thought for the Week**

Nature has so made us, that we do not see our backs, it is reserved for others to see them. Hence it is wise to profit by what they see.

Mahatma Gandhi·

THE CHURCH WEEKLY

## മററുള്ളവരുടെ കണ്ണിൽ

ഈ ആഴ്ചത്തെ ചിന്താവിഷയത്തിലേക്കു മാന്യവായനക്കാർ ശ്രദ്ധാപൂർവം കണ്ണോടിക്കണമെന്നു അഭ്യർത്ഥിക്കുന്നു. മഹാത്മജി ഒരു മതഭ്രാന്തന്റെ വെടിയേററു് ദിവംഗതനാകുന്നതിനു രണ്ടുമാസങ്ങൾക്കുമുമ്പ് ന്യൂഡൽഹിയിൽ വച്ചു അദ്ദേഹത്തിന്റെ പതിവുള്ള സായാഹ്നപ്രാർത്ഥനായോഗത്തിൽ പ്രസംഗിക്കുകയായിരുന്നു. പക്കിസ്ഥാനിൽ മഹമ്മദീയർ ഹിന്ദുക്കളെ കഠിനമായ ദണ്ഡനങ്ങൾ ചെയ്യുന്നതുകൊണ്ടു് ഇന്ത്യൻ യൂണിയനിലുള്ള മഹമ്മദീയരെ അതുപോലെ തന്നെ പീഡിപ്പിച്ചാലല്ലാതെ അവരെ നല്ലപാഠംപഠിപ്പിക്കാൻകഴിയുകയില്ലെന്നും, അങ്ങനെ പ്രതികാരത്തിന്റെ കാഠിന്യത്തെ ഭയന്നു് പക്കിസ്ഥാൻ ശാന്തമാകുമെന്നുമായിരുന്നു ഹിന്ദുമഹാസഭയും ആർ. എസ്. എസ്. കാരും വാദിച്ചുകൊണ്ടു് മഹമ്മദീയരെ കൊള്ള ചെയ്യുവാനും, കൊല്ലുവാനും, അവരുടെ സ്ത്രീകളെ അപമാനിക്കുവാനുമുള്ള സംരംഭത്തിനു കൂട്ടു നിന്നതു്. ഇന്ത്യൻ സ്വാതന്ത്ര്യലബ്ധിയുടെ പുലർവേളയിൽ പൊട്ടിപ്പുറപ്പെട്ട ഒരു സമുദായ മത്സരമഹാഗ്നിയിൽ നമ്മുടെ സ്വാതന്ത്ര്യം തന്നെ ഹോമിക്കപ്പെട്ടുമോയെന്നു സംശയിക്കപ്പെട്ട ഒരു പ്രതിസന്ധിഘട്ടത്തിൽ മലവെള്ളംപോലെ ഇരച്ചുപാഞ്ഞ പ്രതികാരഭ്രാന്തിനെ തടുത്തു നിറുത്തുവാൻ മുമ്പോട്ടു പാഞ്ഞമഹാത്മാവിനെയാണു് നാഥുറാംഗോഡ്സെ വെടിവച്ചുവീഴ്ത്തിയതു്. ഇന്ത്യയിലെ ഹിന്ദുക്കൾ അവരുടെ മഹമ്മദീയ സഹോദരന്മാരോടും, സഹോദരിമാരോടും, നീതിയും, ദയയും, കാണിക്കുകയാണു് പക്കിസ്ഥാനിൽ വിവേകം വീണ്ടെടുക്കാനുള്ള ഏററവും എളുപ്പമായ മാർഗ്ഗമെന്നു് വിളിച്ചു പറഞ്ഞതിനുള്ള ശിക്ഷയാണു് ഗാന്ധിജിക്കു ലഭിച്ചതു്. അങ്ങനെ ഇന്ത്യയിൽ കൊള്ളയും കൊലയും നടക്കുന്നതിൽ അന്തർഭവിച്ചിരിക്കുന്ന അനീതിയും, ദ്രോഹവും, നാം കാണാതെ പക്കിസ്ഥാനിലെ കുററം വിളിച്ചുപറയുന്നതുകൊണ്ടു് ഒരു പ്രയോജനവുമില്ലെന്നു് ഗാന്ധിജി ഉൽബോധിപ്പിക്കുകയായിരുന്നു: അവിസ്മരണീയമായ അദ്ദേഹത്തിന്റെ പ്രാർത്ഥനായോഗങ്ങളിൽ നിരർഗ്ഗളം പ്രവഹിച്ചുകൊണ്ടിരുന്ന ധർമ്മോപദേശങ്ങൾ അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങളുടെ അഗാധതയിൽ നിന്നു പൊന്തിവന്നവയായിരുന്നു. അദ്ദേഹം പറഞ്ഞു. "Nature has so made us that we do not see our backs, it is reserved for others to see them. Hence it is wise to profit by what they see.—" പ്രകൃതി നമ്മെ സൃഷ്ടിച്ചിരിക്കുന്നതുതന്നെ നമ്മുടെ പുറം കാണാൻ കഴിയാത്തതുപോലെയാണു്. നമ്മുടെ പുറം മററുള്ളവർ മാത്രം കാണാൻ വേർതിരിക്കപ്പെട്ടിരിക്കയാണു്. അതുകൊണ്ടു അവർ കാണുന്നതു എന്തെന്നു് മനസ്സിലാക്കി നമുക്കു പ്രയോജനം വരുത്തുക."

ബുദ്ധിമാന്മാർ ഉൾപ്പെട്ടഒരുസമുദായത്തിനുംബുദ്ധികേടു പ്രവർത്തിക്കാൻകഴിയുമെന്നുള്ളതിനുദാഹരണമായി മലങ്കര സുറിയാനി സമുദായത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടു് ഈഴവസമുദായാംഗമായ മുൻമന്ത്രി ശ്രീ. കെ. അയ്യപ്പൻ അദ്ദേഹത്തിന്റെ "സഹോദരൻ" പത്രത്തിലെഴുതി. നമ്മുടെ പുറത്തു് സ്ഥിതി ചെയ്യുന്ന അഴുക്കുകളെയും മുറിവുകളേയും കണ്ടു മററുള്ളവർ തുറന്നു പറഞ്ഞുതുടങ്ങിയതിൽ നാം പരിഭവിക്കേണ്ടതില്ല. സുപ്രീംകോടതി വിധിക്കുശേഷം രണ്ടുകക്ഷിയിലേയും പ്രമാണികൾ ചേർന്നു നടത്തിക്കൊണ്ടിരിക്കുന്ന സമാധാനാലോചനകൾ നീണ്ടുനീണ്ടങ്ങനെ പോവുകയാണു്. മലങ്കരസഭയ്ക്കു പരിപൂർണ്ണസ്വാതന്ത്ര്യമുണ്ടായിരിക്കണം. അതേസമയം ഒരേ വിശ്വാസവും, ആരാധനക്രമങ്ങളുമുള്ള അന്ത്യോഖ്യൻ സഭയോടും അപ്പോസ്തോലികമായ അവിടത്തെ സിംഹാസനത്തോടും സജീവമായ മൈത്രീബന്ധമുണ്ടായിരിക്കണം. ഈ രണ്ടു തത്വങ്ങൾ പ്രായോഗികമാക്കാനുള്ള വ്യവസ്ഥകളാണു് സമാധാനകമ്മിററികളുടെയും, സുന്നഹദോസിന്റേയും ഒക്കെ ചർച്ചാവിഷയമായതു്. എന്നാൽ വ്യവസ്ഥകളുടെ രൂപവൽക്കരണത്തിൽ കേസുനടത്തിപ്പിൽ ഇതുവരെ ലഭിച്ച അനുഭവങ്ങളുടെയും പരിചയങ്ങളുടെയും പരസ്പരസംശയങ്ങളുടെയും ലാഞ്ഛനകൾ കലർന്നുള്ള മനോഭാവം പ്രദർശിപ്പിക്കപ്പെട്ടാൽ സമാധാനം വന്നു ചേരുവാനുപകരുന്നതല്ല. സത്യദീക്ഷയുടെയും സ്വാതന്ത്ര്യബോധത്തിന്റേയും കൂടെ പ്രതിപക്ഷബഹുമാനവും വിനയബോധവും, ക്ഷമയും സർവോപരി ദൈവാശ്രയത്തിലടിസ്ഥാനപ്പെടുത്തിയ സഹോദരസ്നേഹവും പ്രത്യക്ഷപ്പെടുത്തുന്ന ആത്മാർത്ഥമായ സമാധാനകാംക്ഷയാണു് സന്ധിപരിശ്രമങ്ങളുടെ വിജയത്തിനു് അടിസ്ഥാനമായിരിക്കേണ്ടതു്. ഇവയുടെയെല്ലാം കുത്തക ഒരു പാർട്ടിക്കു ഉള്ളുയെന്നും ധരിച്ചു് സന്ധിസംഭാഷണങ്ങളെ സമീപിച്ചു കൂടാത്തതാണു്. ഒരു ക്രൈസ്തവസമുദായത്തിൽ ഒരു കേസു വന്നു ഭവിച്ചാൽ അതു് സുപ്രീം കോടതിയിൽ എത്തിയശേഷമേ അവസാനിക്കൂ എന്നുള്ള ഒരു പാരമ്പര്യം സൃഷ്ടിക്കുന്നതു് വളരെ വളരെ ആലോചിച്ചുവേണ്ടതാണു്. കോടതിക്കു വെളിയിലും, സമാധാനപൂർവമായ പര്യാലോചനകൾ കൊണ്ടു് ശാശ്വതമൂല്യങ്ങൾക്കു് പ്രാധാന്യം നൽകാനുള്ള കഴിവാണു് ക്രിസ്തുവിന്റെ പേരും പേറിക്കൊണ്ടു നടക്കുന്ന ഒരു സമുദായം മാതൃകയായി കാണിച്ചുകൊടുക്കേണ്ടതു്. അങ്ങനെയൊരുമഹനീയ പാരമ്പര്യത്തിന്റെ അവകാശികളെന്നു സുറിയാനിസമുദായം അഭിമാനിക്കണമെങ്കിൽ ഇപ്പോൾ പ്രദർശിപ്പിക്കപ്പെടുന്നതിൽ വളരെക്കൂടുതൽ ദൈവാശ്രയവും, സൗഹാർദ്ദബുദ്ധിയും ആത്മാർത്ഥതയും ഗുരുലഘുത്വ വിവേചനാശക്തിയും പ്രകടമാക്കേണ്ടിയിരിക്കുന്നു. സമാധാനം ദൈവാനുഗ്രഹത്താൽ സ്ഥാപിച്ചു കഴിഞ്ഞാലും ഇങ്ങനെയുള്ള ഗുണവിശേഷങ്ങളല്ല നമ്മെ ഭരിക്കാൻ പോകുന്നതെങ്കിൽ വീണ്ടുംപഴയപടി ചെളിക്കുഴിയിലേക്കു പോകുന്ന പന്നിമാതിരി നാം ഇതുവരെയുണ്ടായിരുന്ന മത്സരകലുഷതകളെക്കാൾ വിഷമതരമായ അവസ്ഥയിലേക്കു് സമുദായത്തെ നയിക്കാതിരിക്കയില്ല. മററുള്ളവർ നമ്മെപ്പററി നമ്മുടെ ദൃഷ്ടിക്കു ഗോചരമല്ലാത്തവിധത്തിൽ പുറത്തു സ്ഥിതിചെയ്യുന്ന ദൂഷ്യങ്ങൾ കണ്ടു വിളിച്ചുപറയുമ്പോൾ ക്ഷമാപൂർവം കേൾക്കുക. വിനയത്തോടുകൂടി അ

പ്രതിവാരപ്രഭാഷണം (The Sermon for the Week)

# മരണത്തിന്മേലുള്ള വിജയം

എം. ററി.

"ദൈവമോ മരണ പാശങ്ങളെ അഴിച്ചിട്ട് അവനെ ഉയിർത്തെഴുന്നേല്പിച്ചു. മരണം അവനെ പിടിച്ചു വെക്കുന്നതു അസാദ്ധ്യമായിരുന്നു."

(അപ്പോ. പ്രവൃത്തികൾ 2: 24)

നമ്മുടെ കർത്താവിന്റെ പുനരുത്ഥാനത്തെക്കുറിച്ചു വി. പത്രോസു നൽകിയ ഒരു ചുരുങ്ങിയ വിവരണമാണതു്.

മരണത്തിനു വിധേയമാകാൻ നിനിവൃത്തിയില്ലാത്ത വണ്ണം അത്ര വിശിഷ്ടമായ ഒരു ജീവിതമായിരുന്നു യേശു ക്രിസ്തുവിന്റേതു്. യഹൂദന്മാർ അദ്ദേഹത്തിന്റെ ശരീരത്തെ കുരിശിൽ തറച്ചു കൊല്ലുക മൂലം തന്റെ തുടർന്നുമുള്ള പ്രവർത്തനത്തിനും സ്വാധീനശക്തിക്കും വിരാമമിടാൻ നിശ്ചയിച്ചു. എന്നാൽ അവരുടെ കണക്കുകൂട്ടൽ തെററാണെന്നു തെളിഞ്ഞു. യേശു മരണപാശങ്ങളെ തകർത്തു പുറത്തുവന്നു. "മരണം അവനെ പിടിച്ചു വെക്കുന്നതു അസാദ്ധ്യമായിരുന്നു."

നാം അറിഞ്ഞിട്ടുള്ള ചില മഹാന്മാരുടെ മരണശേഷം ഏതാണ്ടിതു പോലെയുള്ള ഒരു ചിന്ത നമുക്കും ഉണ്ടായിട്ടില്ലേ? അവരുടെ ആത്മാവിനെ സ്പർശിക്കുവാൻ മരണത്തിനു കഴിവില്ല എന്നു്. കഴിഞ്ഞ ലോക മഹായുദ്ധത്തിൽ യുവപ്രായത്തിൽ മരണമടഞ്ഞ ഒരു യോദ്ധാവിനെക്കുറിച്ചു് അദ്ദേഹത്തിന്റെ ഒരു സ്നേഹിതൻ ഇപ്രകാരം പറയുകയുണ്ടായി. "മരണം പോലെ ഇത്ര നിസ്സാരമായ ഒരു സംഭവത്തിനു അദ്ദേഹത്തെ തടഞ്ഞു നിർത്തുവാൻ സാദ്ധ്യമല്ല."

മരണാനന്തരജീവിതത്തിലുള്ള നമ്മുടെ വിശ്വാസത്തിന്റെ ഉത്ഭവം ഇനെയുള്ള ഒരു മനോബോധ്യത്തിൽ നിന്നാണു്. മരണം വസ്തുമയമായ ഈ ലോകത്തിന്റെ ഒരു സംഭവ വികാസമാണു്. നിസ്സാരമായ ഒരു കാരണത്താൽ—ശരീരത്തിനു സംഭവിക്കുന്ന ഒരു മുറിവുകൊണ്ടോ, രക്തത്തിൽ കടന്നു കൂടുന്ന ചില രോഗാണുക്കൾ മൂലമോ—മരണമുണ്ടാകുന്നു. ശാരീരികമായ ജീവിതം അതോടെ അവസാനിക്കുന്നു. എന്നാൽ മനുഷ്യന്റെ ചില സ്വഭാവവിശേഷങ്ങൾ—സ്നേഹം, ധൈര്യം, സ്വയത്യാഗം മുതലായവ—ശരീരത്തിന്റെ നാശത്തോടുകൂടി അന്തർദ്ധാനം ചെയ്യുന്നില്ല; അവ ശാരീരിക ജീവിതത്തിന്നതീതമായ മറെറാരു ജീവിത സരണിയിലേക്കു പ്രവേശിക്കുന്നു; ആത്മാവിന്റെ ജീവിതം തന്നെ. പ്രകൃതിശാസ്ത്രങ്ങൾക്കു വിശകലനം ചെയ്യുവാനോ വിവരിക്കുവാനോ നശിപ്പിക്കുവാനോ കഴിയുന്നതല്ല അതു്. നമ്മുടെ കർത്താവിന്റെ ശിഷ്യന്മാർ അങ്ങനെയുള്ള ഒരാത്മീയജീവിതത്തിന്റെ പ്രഭ നേരിട്ടു കണ്ടു. "അവനിൽ ജീവൻ ഉണ്ടായിരുന്നു; ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു" എന്നു് അവർ പറഞ്ഞു. അങ്ങനെയുള്ള ഒരു ജീവൻ—ജീവിതം അവർ മററാരിലും മറെറാരിടത്തും കണ്ടിട്ടില്ലായിരുന്നു. ലോകത്തിന്റെ അന്ധകാരശക്തികൾ അതിനെ നശിപ്പിക്കാനിടയുണ്ടെന്നു കണ്ടപ്പോൾ അവർക്കു ഭയവും സങ്കടവും ഉണ്ടായി. എന്നാൽ ലോകത്തിനു ചെയ്യാവുന്ന പരമാവധി അവനോടു ചെയ്തു കഴിഞ്ഞപ്പോൾ മരണത്തിനു പോലും അവനെ കീഴടക്കുവാൻ കഴിയുകയില്ലെന്നു് അവർക്കു ബോദ്ധ്യമായി. "അവൻ മരണത്തെ ഇല്ലാതെയാക്കി" എന്നാണു് പൗലൂസ് അപ്പോസ്തോലൻ പറഞ്ഞതു്; അതായതു് കർത്താവിനെ സംബന്ധിച്ചിടത്തോളം മരണം എന്നൊന്നില്ലെന്നു വ്യക്തമായി.

സജീവമായ ഒരു വിശ്വാസത്തിന്റെ പ്രധാനഘടകമായി ഇന്നു നാം വീണ്ടെടുക്കേണ്ട ഒരു കാര്യമാണു് പുനരുത്ഥാനത്തിന്റെ യാഥാർത്ഥ്യം. നമ്മുടെ കർത്താവിന്റെ ഇഹലോകജീവിതകാലത്തേക്കു തിരിഞ്ഞു നോക്കി നാം പലതും പഠിക്കുന്നുണ്ടു്. എന്നാൽ നഷ്ടപ്പെട്ടുപോയ ഏതോ ഒന്നിനെ നോക്കുന്നതുപോലെയുള്ള ഒരു മനോഭാവമാണു് പലപ്പോഴും നമുക്കുള്ളതു്. അന്നത്തെ സംഭവങ്ങളെ നേരിട്ടു കണ്ട ശിഷ്യഗണങ്ങളുടെ ചിന്താഗതി എന്തായിരുന്നു? കർത്താവുമായുള്ള ബന്ധത്തിൽ പുനരുത്ഥാനത്തിനു ശേഷമുള്ള അവരുടെ അനുഭവം മുമ്പിലത്തേതിനേക്കാൾ അഗാധവും അടിയുറച്ചതുമായിരുന്നു. അവരുടെ സ്നേഹബന്ധം കർത്താവിന്റെ മരണശേഷം വളരുകയാണു് ചെയ്തതു്. തന്റെ ശരീര പ്രകാരമുള്ള സാന്നിദ്ധ്യത്തേക്കാൾ ഉത്തമമായ ഒന്നാണു് ആത്മീയമായ സാന്നിദ്ധ്യം എന്നവർക്കു ബോദ്ധ്യമായി. കർത്താവു നിത്യമായ ഒരു ലോകത്തിലേക്കു പ്രവേശിക്കമാത്രമാണു് ചെയ്തതു്. അവന്റെ ആത്മാവിന്റെ പ്രവർത്തനത്തെ തടയുവാൻ ഇനി ഭൗതികമായ യാതൊന്നിനും കഴിയുന്നതല്ല. അവൻ ജീവിക്കുന്ന ആ നിത്യലോകത്തിലേക്കു നമ്മെയും പ്രവേശിപ്പിക്കുവാൻ അവൻ ശക്തനാണു്. ഈ ലോകത്തിന്റെ അടിമത്വത്തിൽ നിന്നു നമ്മെ സ്വതന്ത്രരാക്കുവാൻ അവനു കഴിയും. നമ്മുടെ മനസ്സാക്ഷിയുടെ അടിത്തട്ടിലേക്കിറങ്ങി നമുക്കു പാപബോധവും പാപമോചനവും നൽകുവാൻ; നമ്മെ ഭയവിമുക്തരാക്കുവാൻ; തന്റെ വഴികളിൽ നമ്മെ നടത്തുകയും തന്റെ സേവനത്തിനാവശ്യമുള്ള സകല കൃപകളും നമുക്കു നൽകുവാൻ അവൻ സ്വതന്ത്രനും സന്നദ്ധനുമാണു്. ശിഷ്യന്മാർ പ്രഭാതത്തിൽ അന്യോന്യം അ

---

തിനെ സ്വീകരിച്ചു തിരുത്തുക. വിനയത്തെക്കാൾ കവിഞ്ഞ ഒരു ഗുണവിശേഷമില്ലെന്നു് സുപ്രസിദ്ധ ക്രൈസ്തവ ഗ്രന്ഥകാരനായ ഹെൻറി ഡ്രമ്മൻഡു പറയുന്നുണ്ടു്. "പ്രയാസപ്പെടുന്നവരും ഭാരം ചുമക്കുന്നവരും എന്റെ അടുക്കൽ വരുവിൻ" എന്ന പ്രസിദ്ധമായ ആ ക്രിസ്തുവചനത്തിന്റെ ഒടുവിൽ "For I am meek and lowly in heart" (ഞാൻ ശാന്തനും വിനയഹൃദയമുള്ളവനും ആകുന്നു) എന്നാണു് ക്രിസ്തുപറയുന്നതു്. താൻ സത്യസന്ധനെന്നോ സ്നേഹസമ്പൂർണ്ണനാണെന്നോ ധീരനാണെന്നോ, വാചാലനാണെന്നോ മതവൈരാഗ്യമുള്ളവനാണെന്നോ ശക്തനാണെന്നോ ഒക്കെ ക്രിസ്തുവിനു് പരമാർത്ഥമായി പറയാമായിരുന്നു. എന്നാൽ തന്നിൽ ആകർഷണീയമായി താൻതന്നെ ചൂണ്ടിക്കാണിക്കുന്ന ഏകഗുണവിശേഷം "വിനയഹൃദയമാണു്". ബൈബിൾഗ്രന്ഥത്തിൽ ഒരിടത്തും തന്റെ ഗുണവിശേഷങ്ങൾ ഒന്നുംതന്നെ അദ്ദേഹം ഇത്ര സുവ്യക്തമായി ചൂണ്ടിക്കാണിച്ചു രേഖപ്പെടുത്തിയിട്ടില്ല. ഇരുപതു് നൂററാണ്ടുകൾക്കു ശേഷവും മനസ്സുവിശുദ്ധന്മാർ വിനയശീലമുള്ളവരാണു് മററുള്ളവരെ ആകർഷിച്ചു സ്നേഹബന്ധത്തിൽ നിറുത്തുന്നതെന്നു് അഭിപ്രായപ്പെടുന്നു. നാം ക്രിസ്തുവിന്റെ സ്വഭാവഗുണത്തിൽ ആകൃഷ്ടരാണെങ്കിൽ ഈ ഒരു ഗുണവിശേഷം സ്വായത്തമാക്കാൻ ശ്രമിക്കുകതന്നെ ചെയ്യും. സഭാസമാധാനം അങ്ങനെയുള്ളവരുടേതാണു്.

# നിരാശാഗർത്തത്തിൽ

എഫ്. ബി. എഫ്.

## II

മുൻ ലക്കത്തിൽ പ്രസ്താവിച്ച ഉദാഹരണങ്ങൾ വച്ചുകൊണ്ട് അവരെല്ലാവരും പ്രസിദ്ധന്മാരായിരുന്നു എന്നും പ്രസിദ്ധന്മാർക്കേ ഈവിധ കാര്യങ്ങൾ സാദ്ധ്യമാകയുള്ളു എന്നും ആരെങ്കിലും ചിന്തിക്കുന്നു എങ്കിൽ അതിൽപരം അബദ്ധം സംഭവിപ്പാനില്ല. എൻെറയും നിങ്ങളുടെയും ചുററുപാടുകളിൽ അനുദിനമെന്നോണം ഈവിധ സംഭവങ്ങൾ ആവർത്തിച്ചുകൊണ്ടുതന്നെഇരിക്കുന്നുണ്ടു്. അവയാരുടെയും ശ്രദ്ധയിൽ പെടുന്നില്ലെന്നേയുള്ളു. ശരീരാദ്ധ്വാനംകൊണ്ടു ക്ലേശിച്ചും ക്ഷീണിച്ചും രാത്രി നിദ്രയ്ക്കു ഭാവിക്കുമ്പോൾ രോഗാതുരനായി തീർന്ന ഓമനകുമാരനെ ഉറക്കമിളച്ച് ശുശ്രൂഷിക്കുവാൻ വത്സലമാതാവു എവിടെനിന്നോ ശക്തി കണ്ടെത്തുന്നു. മദ്യപനായ ഭർത്താവിൻെറ ശല്യം നിമിത്തം ആത്മഹത്യക്കൊരുങ്ങിയിരുന്ന ഭാര്യ അടുത്തദിവസം രാവിലെ സ്നേഹത്തിൻെറ ഏതോ ഉറവു കണ്ടെത്തുകയാൽ പുതിയ ഒരു തീരുമാനത്തിലേക്കു നീതയാകുന്നു.

അല്പസമയംകൂടെ പിടിച്ചു നിൽക്കുന്നതിനു നമുക്കെല്ലാം കഴിയും. നാമെല്ലാവരും മനുഷ്യരാണ്; മനുഷ്യസ്വഭാവം ആ വിധത്തിൽ രൂപീകരിക്കപ്പെട്ടിരിക്കുന്നു. അൽപ്പസമയംകൂടെ സഹിച്ചുനിൽക്കുന്നതു കൊണ്ടു പിന്നെയും കുറെ സമയംകൂടെ പിടിച്ചുനിൽക്കുവാനുള്ള ശക്തി എവിടെനിന്നോ സംഭരിക്കുവാൻ നമുക്കു കഴിയുകയും ചെയ്യുന്നു.

നാം ഗ്രഹിച്ചിരിക്കേണ്ട രണ്ടാമത്തെ സംഗതി മുൻപിൽ കാണുന്ന വളവിനപ്പുറത്ത് എന്താണെന്ന് നാമറിയുന്നില്ലെന്നുള്ളതാണ്. ആ വളവിനപ്പുറത്തു എന്താണെന്നു അറിയുവാൻ ധൃതിപ്പെട്ടു് എത്തിനോക്കരുതെന്ന് ഒരു ഗ്രന്ഥകാരൻ ഉപദേശിക്കുന്നുണ്ടു്. അദ്ദേഹം ഉദ്ദേശിക്കുന്നതു് പ്രശ്നക്കാരെയും ഗണിതക്കാരെയും ആശ്രയിക്കുന്ന ചിലരുടെ ചിന്താഗതിയുടെ മൗഢ്യതയത്രേ. എന്നാൽ അപ്പുറത്തു ഭാവനയിൽ ദർശിക്കുവാൻ കഴിയാത്ത നിധികൾ നമുക്കായി കാത്തിരിക്കുന്നു എന്നു കൂടെക്കൂടെ നമ്മെ അനുസ്മരിപ്പിക്കുന്നതു സാമാന്യബുദ്ധിക്ക് അനുയോജ്യമായിരിക്കുമെന്ന് അദ്ദേഹം സമ്മതിക്കുമെന്നാണ് എൻെറ അഭിപ്രായം. നമ്മുടെ പ്രത്യാശകളെ അവഗണിച്ചിട്ട് ഭയം പുലർത്തിക്കൊണ്ടുപോകുന്നതെന്താണ്? എന്തുകൊണ്ടാണ് അന്ധകാരത്തിൽ ഏകരായിരിക്കുമ്പോൾ കേൾക്കുന്ന ഓരോ ശബ്ദവും ഏതോ അപകടസൂചനയാണെന്നു ഭയപ്പെടുന്നതു്. ശുഭപ്രതീക്ഷകളൊന്നും കൂടാതെ ആശങ്കകളോടുകൂടെ ഭാവിയെ നേരിടുന്നതു് എന്തുകൊണ്ടാണ്. അപകടങ്ങൾ സംഭവിക്കാമെന്നു ഭൂതകാലസംഭവങ്ങൾ നമ്മെ അനുസ്മരിപ്പിക്കുന്നു. എന്നാൽ അത്ഭുതകരങ്ങളായ സംഭവങ്ങളുണ്ടാകാമെന്നും ഭൂതകാലചരിത്രം നമ്മെ അനുസ്മരിപ്പിക്കുന്നില്ലേ? എന്നു തന്നെയല്ല അപകടകരങ്ങളായ സംഭവങ്ങളേക്കാൾ കൂടുതലായി അത്ഭുതസംഭവങ്ങളല്ലെ ഉണ്ടായിട്ടുള്ളതു്.

മുൻപിൽ കാണുന്ന വളവിനപ്പുറത്തു് എപ്പോഴും അത്യത്ഭുതകരങ്ങളായ സംഭവങ്ങൾ പ്രതീക്ഷിക്കാമെന്നു ശാസ്ത്രമണ്ഡലം സംശയലേശമെന്യേ തെളിയിച്ചുകഴിഞ്ഞിട്ടുണ്ടു്. വിമാനയന്ത്രം കണ്ടുപിടിച്ചു കഴിഞ്ഞതിനു ശേഷം മാത്രമാണു മോട്ടോർകാറിൻെറ അത്ഭുതസ്വഭാവം മനുഷ്യമനസ്സിൽ നിന്നു മാഞ്ഞുതുടങ്ങിയതു്. ടെലഗ്രാഫും ടെലഫോണും ഉപയോഗിച്ചു പരിചയപ്പെട്ടു കഴിയുന്നതിനു മുമ്പായി ഇതാ റേഡിയോയും പിന്നാലെ ടെലിവിഷനും ഉപയോഗത്തിൽ വന്നുകഴിഞ്ഞിരിക്കുന്നു. നാളെ ഇനിയും എന്താണു കണ്ടുപിടിക്കുവാൻ പോകുന്നതെന്നു യാതൊരു മനുഷ്യനും അനുമാനിപ്പാൻ സാദ്ധ്യമല്ല.

അതുപോലെതന്നെ വ്യക്തികളുടെ ആളത്വവും അവരുടെ സാമൂഹ്യബന്ധങ്ങളും അത്യത്ഭുതകരമായ സാദ്ധ്യതകളാൽ നിറഞ്ഞവയാണ്. അപ്രതീക്ഷിതങ്ങളായ കാര്യങ്ങൾ സംഭവിക്കാമെന്നുള്ളതുകൊണ്ടു് അപരിചിതമായ ഒരു തെരുവിൽവച്ചുണ്ടാകുന്ന ഒരു യാദൃശ്ചികസംഭവത്താൽ ഒരുവൻെറ ജീവിതനദി പാടെ മാറി ഒഴുകുവാൻ സാദ്ധ്യതയുണ്ടെന്ന് ആരെങ്കിലും ശഠിക്കുന്നു എങ്കിൽ അതിൽ തെററില്ല. ഒരു പ്രസംഗം കേട്ടതുകൊണ്ടോ, ഒരു മുറിയിൽ പ്രവേശിച്ചതുകൊണ്ടോ അപരിചിതമായിരുന്ന തെരുവിൻെറ ഒരു മൂല തിരിഞ്ഞപ്പോൾ ഉണ്ടായ പരിചയസമ്പർക്കം നിമിത്തമോ നിത്യമായ സുഹൃൽബന്ധങ്ങൾക്കോ, കുടുംബജീവിതത്തിനുള്ള അസ്ഥിവാരമിടുന്നതിനോ, ഭാവിയെ നിയന്ത്രിച്ച ബന്ധങ്ങളുടെ സ്ഥാപനത്തിനോ ഇടയാക്കി എന്ന് സാക്ഷിക്കുന്നവർ അനേകായിരമായിരിക്കും. അവിടെവിടെയോ, ജീവിതത്തിനു മുഴുവൻ വ്യതിയാനം വരുത്താവുന്ന ഒരു സാഹചര്യമോ, വ്യക്തിയോ,. യാദൃശ്ചികസംഭവങ്ങളുടെ ഏററുമുട്ടലോ അവ ദൈവനിയുക്തമെന്നതന്നെ കരുതിക്കൊള്ളുക — മറഞ്ഞുകിടപ്പുണ്ടു്.

രണ്ടു കണ്ണുകളുടെയും കാഴ്ച പരി

---

ഭിവാദ്യം ചെയ്തിരുന്നതു്. "കർത്താവു ഉയർത്തെഴുന്നേററു" എന്നു പറഞ്ഞുകൊണ്ടാണ്. ഈ വിശ്വാസത്തിൽ ജീവിക്കുവാൻ കഴിയുവന്നക്ക് എന്തൊരു പ്രത്യാശയാണ് അനുഭവപ്പെടുന്നതു്!

നമ്മുടെ ബലഹീനതയ്ക്കും നിരാശയ്ക്കുമെല്ലാം കാരണം ഈ വിശ്വാസം നമ്മുടെ ജീവിതത്തിൽ വേണ്ടത്ര യഥാർത്ഥമല്ല എന്നുള്ളതാണ്. ദൈവത്തിനു സ്ഥാനമില്ലാത്തതും ധാർമ്മികമായി അധഃപതിച്ചതുമായ ഒരു ലോകത്തിൻെറ അന്തരീക്ഷത്തിലാണ് നാം ജീവിക്കുകയും ശ്വസിക്കുകയും ചെയ്യുന്നതു്. ഉയർത്തെഴുന്നേററ ക്രിസ്തു സന്നിഹിതനായ ഒരാത്മീയലോകത്തിലേക്കു നാം വീണ്ടും ജനിക്കേണ്ടിയിരിക്കുന്നു. അതു സംഭവിച്ചാൽ ഒരു പുതിയ ലോകത്തിൽ ജീവിക്കുന്ന അനുഭവം നമുക്കുണ്ടാകും. മരണത്തിനു യാതൊരു സ്വാധീനവും നമ്മുടെ മേൽ ഉണ്ടാകുകയില്ല. മരണഭീതി നമ്മെ അലട്ടുകയില്ല. നിത്യമായ ഒരു ജീവിതം ഇപ്പോൾതന്നെ രുചിച്ചറിയുവാൻ നമുക്കു കഴിയും. നിത്യജീവൻെറ ആ അനുഭവത്തിൽ നാമും നമ്മുടെ പരേതരും സുരക്ഷിതരാണെന്നു നമുക്കു ബോദ്ധ്യമാകും. കർത്താവിൻെറ സ്നേഹം, സന്തോഷം, സമാധാനം സ്വാതന്ത്ര്യം മുതലായ ആത്മാവിൻെറ ഫലങ്ങൾ നാം പുറപ്പെടുവിക്കുമ്പോൾ അവനോടുകൂടെ നാമും മരണത്തിൽ നിന്നു ജീവനിലേക്കു കടന്നു കഴിഞ്ഞു. കർത്താവിൻെറ കൂട്ടായ്മയിൽ നിന്നു മാത്രം നമുക്കു ലഭിക്കുന്ന ഒരനുഭവമാണ് അതു്. ജീവിതത്തിനു നിത്യയുടെ സ്വഭാവം പ്രദാനം ചെയ്യുന്ന ഒരു സഖിത്വമാണ് അവൻേറതു്. ആ സഖിത്വത്തിൽ അനുദിനം വളർന്നു വരുവാൻ പരിശുദ്ധാത്മാവായ ദൈവം നമ്മെ സഹായിക്കട്ടെ.

പൂർണ്ണമായി നഷ്ടപ്പെട്ട ജോൺ മിൽട്ടൺ അന്ധകാരാവൃതമായ ലോകത്തിൽ തപ്പിത്തടഞ്ഞുജീവിക്കുമ്പോൾതന്റെതൂലികത്തുമ്പിൽനിന്നു Pardise Lost, Paradise Regained എന്ന മഹൽ ഗ്രന്ഥങ്ങൾ പ്രവഹിക്കുമെന്നു സ്വപ്നേപി വിചാരിച്ചു കാണുകയില്ല. സുപ്രസിദ്ധ ഗായകനായ ബീത്ഹോവൻ ശ്രവണശക്തി നഷ്ടപ്പെട്ടു ജീവിച്ചിരുന്ന ആ കാലഘട്ടത്തിൽ തന്നാൽ വിരചിതമാകുവാൻ പോകുന്ന ഗാനങ്ങൾ സംഗീതലോകത്തെ ആനന്ദസാഗരത്തിൽ ആറാടിക്കുവാൻ പര്യാപ്തമാകുമെന്നു് എങ്ങിനെ ചിന്തിക്കുവാനാണു്. നയനശ്രവണേന്ദ്രിയങ്ങളുടെ ശക്തി നഷ്ടപ്പെട്ടു് നാവിനു പ്രവൎത്തനശക്തിയില്ലാതെയിരുന്ന ഹെലൻ കെല്ലറിനെ പരിശീലിപ്പിക്കുവാനുള്ള അക്ഷീണപരിശ്രമത്തിൽനിന്നു ആനി സള്ളിവൻ പിന്മാറിയിരുന്നു എങ്കിൽ ലോകത്തിനു ഒരു മഹൽ വ്യക്തിയുടെ സേവനങ്ങൾ പാടെ നഷ്ടപ്പെടുകയും അങ്ങനെ ആ മഹതിയേപ്പോലെ തന്നെ ശ്രവണനയനേന്ദ്രിയങ്ങൾ നഷ്ടപ്പെട്ട അനേകരുടെ ജീവിതം ധന്യമാക്കപ്പെടുവാനുള്ള സാദ്ധ്യതകൾ വിരളമാകുകയും ചെയ്യുമായിരുന്നു.

ജീവിതം നയിക്കുന്നതിനു എന്നെ ശക്തനാക്കിത്തീർക്കുന്നതു് ആ വളവിനപ്പുറത്തു് വലിയ സാദ്ധ്യതകൾ മറഞ്ഞുകിടക്കുന്നു എന്ന ബോദ്ധ്യം മാത്രമാകുന്നു. എനിക്കു കാണുവാൻ കഴിയുന്നതിന്റെ വെളിച്ചത്തിൽ ഭാവിയിലേക്കു നോക്കുമ്പോൾ കുഴപ്പം മാത്രമാണു ഞാൻ ദർശിക്കുന്നതു്. കഴിഞ്ഞ ലോക മഹായുദ്ധം പോലെയുള്ള ഒരു അഗ്നികുണ്ഡത്തിൽ നിന്നു് എന്തെങ്കിലും നന്മ ഉദിച്ചുയരുമെന്നു ചിന്തിക്കുന്നതെങ്ങിനെയാണു്. യുദ്ധസമാപനത്തിനുശേഷം ലോകസമാധാനം സാധിതമാകുമെന്നു് ചിന്തിക്കുവാൻ സാധ്യമാണോ? അങ്ങനെ ചിന്തിച്ചുപോയാൽ അതിനൊരവസാനം കണ്ടെത്തുവാൻ പ്രയാസമത്രേ. ഈ അഖിലാണ്ഡം മനുഷ്യന്റെ ഭാവനാശക്തിയിൽ ഒതുക്കിത്തീർക്കാവുന്ന ഒന്നല്ല. അതുകൊണ്ടു് അപ്പുറത്തു് എന്താണെന്നു് ഞാനറിയുന്നില്ല. അങ്ങനെയുള്ള ഒരു ലോകത്തിൽ പലതും സംഭവ്യമാകുന്നു. പക്ഷെ ഈ വിനാഴികയിൽ തന്നെ ലോകത്തെ മുഴുവൻ നയിക്കുവാൻ പ്രാപ്തനായ ഒരു ശിശു എവിടെയോ ജനിച്ചു കഴിഞ്ഞിട്ടില്ല എന്നു് ആരറിയുന്നു. ഏതായാലും ഞാൻ നിരാശാവിധേയനാകുവാൻ സന്നദ്ധനല്ല.

നിരാശാ വിധേയനാകാതെ കുരിശിലെ മരണത്തോളം പിടിച്ചു നിൽക്കുകയും കുരിശിൽ കിടന്നു് തന്റെ പീഡകർക്കു വേണ്ടി പ്രാർത്ഥിച്ചുകൊണ്ടു് വിജയസമേതം മരണം വരിക്കുകയും ചെയ്ത ക്രിസ്തുനാഥനെ നാം പലപ്പോഴും സ്മരിക്കാറുണ്ടു. ആ വളവിനപ്പുറത്തു് എന്തു് സംഭവിച്ചു എന്നു കൂടെ സ്മരിച്ചാലും. കയ്പേറിയ ആ വെള്ളിഴ്ച സായാഹ്നത്തിൽ ലോകം അന്ധകാരാവൃതവും തിന്മയുടെ വിജയക്കൊടി നാട്ടിയ സന്ധ്യയുമായി തോന്നിപ്പോയി. എങ്കിലും ആ ദിവസം നന്മയുടെ വിജയക്കൊടി നാട്ടിയ ദിവസമായി രൂപാന്തരപ്പെട്ടു. യേശുവിന്റെ ക്രൂശുവധം നിമിത്തം തന്റെ ഉത്തമസുഹൃത്തുക്കളുടെ മോഹനസ്വപ്നങ്ങൾ പോലും തവിടുപൊടിയായി. ആ രാത്രിയിൽ അവർ ഒരുമിച്ചു കൂടി ആത്മഹത്യചെയ്തിരുന്നുഎങ്കിൽ അവസ്ഥ എന്താകുമായിരുന്നു. മുപ്പത്താറു മണിക്കൂറുകൾക്കുശേഷം പുനരുത്ഥാനം ചരിത്രസത്യമായിതീർന്നു. അതേ തുറന്ന ശവകുടീരവും പുതിയ ജീവിതത്തിലേക്കുള്ള തുറന്ന വാതിലും എന്നും എന്നേക്കുമായി യാഥാർത്ഥ്യമായി.

മരണമെന്നു് നാം പേർ പറയുന്ന ആ അന്ത്യ വളവിനപ്പുറത്തു് നിത്യജീവനുണ്ടെന്നു് ഉള്ള ഉറപ്പു് ഇന്നു് നമുക്കുണ്ടു്. രോഗത്തിലും കഷ്ടപ്പാടിലും പിടിച്ചുനിൽക്കുവാൻ ആ ഒരു ഉറപ്പു് ലക്ഷക്കണക്കിനാളുകൾക്കു് ധൈര്യം നൽകുന്നുണ്ടു്.

ഇതിന്റെ എല്ലാം അർത്ഥം ക്രിസ്തീയ വിശ്വാസം നാം ഇതുവരെ പ്രസ്താവിച്ച കാര്യങ്ങൾക്കു് അടിസ്ഥാനവും പിൻബലവും ഉറപ്പും നൽകുന്നു എന്നല്ലേ. ഓരോരുത്തരുടെയും ജീവിതത്തിനു പിന്നിൽ നളേക്കപ്പുറമല്ലാതെ ദൈവമുണ്ടു്. അല്പസമയം കൂടെ പിടിച്ചു് നിൽക്കുവാൻ തന്റെ ദിവ്യമായ കഴിവുകളെ നമുക്കു് അവകാശപ്പെടുത്താവുന്നതാണു്. അവനപ്പുറത്തുണ്ടെന്നു് നമുക്കു് ഉറപ്പായി വിശ്വസിക്കുകയും ചെയ്യാം. നിങ്ങൾ നിരാശാവിധേയനായി ജീവിതം ഉപേക്ഷിക്കുവാൻ തയാറായിരിക്കുകയാണോ? ദൈവസഹായത്തോടെ അല്പസമയം കൂടെ പിടിച്ചു നിൽക്കുവാൻ നിങ്ങൾക്കു കഴിയും. ഒരു കാര്യം വിശ്വസിച്ചു കൊള്ളുക. ദൈവത്തെ സ്നേഹിക്കുന്നവർക്കു് മനുഷ്യകണ്ണുകൾ കാണുകയോ ശ്രവണേന്ദ്രിയം കേൾക്കുകയോ മനുഷ്യബുദ്ധി ഗ്രഹിക്കുകയോ ചെയ്തിട്ടില്ലാത്ത മനോഹരമായ ഭാവി അവശേഷിക്കുന്നുണ്ടു്.

[ഒരു ഇംഗ്ലീഷ് ലേഖനത്തിന്റെ സ്വതന്ത്ര പരിഭാഷ]


## ജയഭാരതം ആര്യവൈദ്യശാല (Regd.)

**H. O. പുനലൂർ.**

**ഏജൻസികൾ**—അഞ്ചൽ, അടൂർ, ആയൂർ, കൊട്ടാരക്കര, കുന്നിക്കോട്ട്, കല്ലിശ്ശേരി, എഴുകോൺ, സദാനന്ദപുരം, ചിരട്ടക്കോണം, ചാത്തന്നൂർ, പാണ്ടനാട്ട്, ചെങ്ങമനാട്ട്, ഉമ്മന്നൂർ.

ഏറ്റവും നല്ല ആയുർവേദഔഷധങ്ങൾ മിതമായ വിലയ്ക്കു ഹെഡാഫീസിലും ഏജൻസികളിലും വില്പനയ്ക്കുണ്ടായിരിക്കുന്നതാണ്. ആകർഷകമായ വ്യവസ്ഥകളിൽ എല്ലാ സ്ഥലത്തും ഏജൻസികൾ കൊടുക്കുന്നുണ്ട്. കൂടുതൽ വിവരങ്ങൾക്ക് എഴുതുക.

**പ്രധാനവൈദ്യൻ**

**പി. ഒ. തോമ്മസ് വൈദ്യൻ, വൈദ്യകലാനിധി**

**പുനലൂർ**

# വേദവായനക്കുറിപ്പുകൾ

തിങ്കൾ അ. പ്ര. 3. 1—10.

മുടന്തനായ ആ മനുഷ്യൻ സുന്ദരം എന്ന ദേവാലയഗോപുരത്തിങ്കൽ ഇരുന്നു ഉപജീവനാർത്ഥം ഭിക്ഷ യാചിക്കുക പതിവായിരുന്നു. ആ വഴി കടന്നു പോകുന്ന പഥികർ എറിഞ്ഞുകൊടുക്കുന്ന ഭിക്ഷകൊണ്ടു് അവൻ നിത്യവൃത്തി കഴിച്ചുപോന്നു. പത്രോസും യോഹന്നാനും അങ്ങനെ ഒരു സഹായം ചെയ്യുന്നതിനല്ല മുതിർന്നതു്. അവരുടെ പക്കൽ അതിനു ദ്രവ്യമില്ലായിരുന്നുതാനും. എന്നാൽ ക്രിസ്തുവിന്റെ നാമത്തിൽ അവർ അവനെ ഒരു പുതിയ ജീവിതം നയിക്കുവാൻ സഹായിച്ചു. അവൻ എഴുന്നേറ്റു നടന്നു ദേവാലയത്തിൽ പ്രവേശിച്ചു എന്നാണു് നാം വായിക്കുന്നതു്. അന്നു മുതൽ ഏതെങ്കിലും സഹായം അവനാവശ്യമായിരുന്നില്ല. മുടന്തനായ ആ മനുഷ്യനെപ്പോലെ നമ്മുടെ ക്ലേശങ്ങളിൽ നിന്നുള്ള വിമുക്തി മാത്രമാണോ നാം അന്വേഷിക്കുന്നതു്. ഇപ്പോഴത്തെ ആവശ്യങ്ങൾക്കപ്പുറത്തു വല്ലതും നാം ദൈവത്തോടു ചോദിക്കുന്നുണ്ടോ? നമ്മുടെ ഭാരങ്ങൾ ജീവിതത്തിൽ നിന്നു പ്രത്യാശകളെ നശിപ്പിച്ചുകളയുമെന്നു പ്രതീക്ഷിക്കുവാൻ ആവശ്യമില്ല. ക്രിസ്തു മനുഷ്യരെ പുതിയ സൃഷ്ടികളാക്കി അവരുടെ വീക്ഷണം പാടെ മാറ്റുന്നു. അവൻ അവരിൽ സ്നേഹത്തിന്റെ വിത്തുകളെ വിതച്ചു പുതുശക്തിയും പുതിയ ആഗ്രഹങ്ങളും ജനിപ്പിക്കുന്നു. നമുക്കെന്താണു് ആവശ്യം. ഭിക്ഷയോ? നൂതനജീവിതത്തിനാവശ്യമായ ശക്തിയോ?

ചൊവ്വാ. അ. പ്ര: 4: 31—35

ഏതാണ്ടു് ഒരു നൂറ്റാണ്ടിനു മുമ്പു ഫിൻലണ്ടിൽ ജീവിച്ചിരുന്ന ഒരു കവി ഒരു കർഷകന്റെയും അയാളുടെ ഭാര്യയുടേയും കഥ ഉദ്ധരിച്ചിരിക്കുന്നതു ശ്രദ്ധേയമാകുന്നു. ആ കർഷകദമ്പതികൾ സ്വന്തവയലിൽ കഠിനാദ്ധ്വാനം ചെയ്തുജീവിച്ചുപോന്നു. ന്യായമായ വിളവു കിട്ടിയാൽ ഒരു വർഷത്തെ ആവശ്യങ്ങൾക്കേ അതു കഷ്ടിച്ചു മതിയായിരുന്നുള്ളു. അങ്ങനെ ജീവിച്ചിരുന്ന ദമ്പതികളുടെ ഒരു വർഷത്തെ കഠിനാദ്ധ്വാനം അകാലവൃഷ്ടികൊണ്ടു നഷ്ടപ്പെടുകയാൽ തന്നാണ്ടിൽ കിട്ടിയ വിളവു് അവരുടെ ഉപജീവനത്തിനു് ഒട്ടും മതിയായില്ല. അതുനിമിത്തം ജീവിക്കുവാൻ കാട്ടിൽനിന്നു ലഭിക്കുന്ന ഫലമൂലാദികൾ ഭക്ഷിക്കുവാൻ അവർ നിർബന്ധിതരായിത്തീർന്നു. അടുത്ത വർഷവും അവർ കഠിനമായി അദ്ധ്വാനിച്ചെങ്കിലും ലഭിച്ച വിളവു കുറേക്കൂടെ മോശമായിരുന്നു. ഇതരഭക്ഷ്യസാധനങ്ങൾ കൂടുതലായി അന്വേഷിക്കുവാൻ അവർ നിർബന്ധിതരായിത്തീർന്നു. മൂന്നാം വർഷത്തിലെ അവരുടെ അദ്ധ്വാനം സഫലമാകുകതന്നെ ചെയ്തു. തന്നാണ്ടിൽ ഒരു നല്ല വിളവു് അവർക്കു ലഭിച്ചു. സന്തുഷ്ടയായ ഭാര്യ സ്വഭർത്താവിനോടു പറഞ്ഞു. "ഈയാണ്ടിൽ നമ്മുടെ വയലിലെ വിളവു നമ്മുടെ ആവശ്യങ്ങൾക്കു ധാരാളം മതിയാകുമല്ലോ" എന്നാൽ ആ ഭർത്താവു സാവകാശത്തിൽ പ്രതിവചിച്ചു "ഇല്ല, സാദ്ധ്യമല്ല. ഈ വർഷം നമ്മുടെ അയൽവാസിയുടെ കൃഷിനഷ്ടപ്പെട്ടിരിക്കയാണു്. അവന്റെ ആവശ്യങ്ങൾ കൂടെ നാം നിർവഹിച്ചുകൊടുക്കണം" തന്റെ അയൽവാസിയെപ്പറ്റിയുള്ള ഈ ചിന്താഭാരം പുരാതന സഭയുടെ ശരിയായ പാരമ്പര്യത്തിനനുസൃതമത്രെ. "മുട്ടുള്ളവൻ ആരും അവരുടെയിടയിൽ ഉണ്ടായിരുന്നില്ല."

ബുധൻ അ: പ്ര. 5: 29—42.

42-ാം വാക്യം ആദിമ ക്രൈസ്തവരുടെ ദൈനംദിനജീവിതത്തിലെപതിവെന്തായിരുന്നു എന്നു വിവരിക്കുന്നു. അവർ ഒരുമിച്ചു കൂടി മുറിയിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ പരിശുദ്ധാത്മാവു് അവരുടെമേൽ വന്നു വസിച്ചതു് യഥാർത്ഥമായ ഒരനുഭവമായിരുന്നു. പരിശുദ്ധാത്മാവിന്റെ ആഗമനശേഷം സ്വസ്ഥരായിരിക്കുവാൻ അവർക്കു കഴിഞ്ഞില്ല. അവർക്കു നൂതനമായി അനുഭവപ്പെട്ട സന്തോഷം അടക്കിവയ്ക്കുവാൻ അവർക്കു കഴിഞ്ഞുമില്ല. അങ്ങനെ അവർക്കു ലഭിച്ച ശക്തി ഓടുന്നതിനു അവരുടെ കാലുകളെയും സംസാരിക്കുന്നതിനു് അവരുടെ നാവുകളെയും ബലമുള്ളവയാക്കിത്തീർത്തു. ആദിമക്രൈസ്തവരെക്കുറിച്ചു വായിക്കുമ്പോൾ നമ്മിലുളവാകുന്ന അത്ഭുതബോധം വിവരിക്കുന്നതിനു വാക്കുകൾ മതിയാകുന്നില്ല. താഡനം, ജയിൽവാസം പീഡകൾ, മരണം ഇവയെ ധൈര്യസമേതം അവർ അഭിമുഖീകരിച്ചു. ലോകം അവരോടു പല അകൃത്യങ്ങൾ ചെയ്തെങ്കിലും അവയെല്ലാംവിജയിച്ചു് അവർ ജീവിച്ചു. അവർക്കു ലഭിച്ചിരുന്ന ശക്തിവിശേഷം നമുക്കും അവകാശപ്പെട്ടാവുന്നതാണു്. നമ്മുടെ ഹൃദയത്തെയും ആത്മാവിനെയും തന്റെ സ്നേഹത്താൽ നിറയ്ക്കുന്നതിനു ദൈവം എപ്പോഴും സന്നദ്ധനാണു്. ക്രിസ്തുവിന്റെ നാമത്തിൽ ക്രിസ്തുവിനെപ്രതി സേവനമനുഷ്ഠിക്കണമെന്നുള്ളതാണു നമ്മെപ്പറ്റി ദൈവത്തിനുള്ള ആഗ്രഹം. ആ കാര്യത്തിൽ ദൈവത്തിന്റെ വിശ്വാസം ആർജ്ജിക്കുവാൻ നമുക്കു കഴിയുമോ?

വ്യാഴം അ. പ്ര. 7; 54—60

സ്തേഫാനോസിന്റെ രക്തസാക്ഷിമരണത്തെപ്പറ്റിയാണു നാമിവിടെ വായിക്കുന്നതു്. ആ വിവരണം സംഗ്രഹരൂപത്തിലെ നമുക്കു ലഭിച്ചിട്ടുള്ളു. എങ്കിലും ആ ഭാഗം പല കാരണങ്ങളാൽ അർത്ഥവത്തുംപ്രയോജനകരവുമാകുന്നു. അദ്ദേഹത്തിനു ദൈവത്തിലുണ്ടായിരുന്ന ഉറപ്പു് അചഞ്ചലമായ ധൈര്യം ക്ഷമാശക്തി, പ്രാർത്ഥനയിലുള്ള വിശ്വാസം ഇവയെല്ലാം നമ്മുടെ ശ്രദ്ധയിൽ പെടേണ്ടവയാകുന്നു. മരണം സമാഗതമായപ്പോൾ താൻ ഏകനല്ലെന്നും ദൈവം തന്നോടുകൂടെയുണ്ടെന്നും അവൻ അറിഞ്ഞു. പരിശുദ്ധാത്മാവു അവനെ ആശ്വസിപ്പിച്ചു ശക്തിപ്പെടുത്തി. തന്നെ എതിർത്ത പുരുഷാരത്തെ കണ്ടിട്ടും ശാന്തമായി ധൈര്യസമേതം ഭവിഷ്യത്തുകളെ അഭിമുഖീകരിച്ചു. തന്നെ ഉപദ്രവിച്ച ജനസമൂഹത്തോടു യാതൊരു ശത്രുതയും കൂടാതെ അവരെ നേരിട്ടു. അവർതന്നെ കല്ലെറിയുമ്പോൾ തനിക്കുവേണ്ടിയും അവർക്കുവേണ്ടിയും താൻ പ്രാർത്ഥിച്ചു. സ്തേഫാനോസ് ഏതുപ്രകാരം മരണം അഭിമുഖീകരിച്ചു എന്നുള്ളതു് ദൈവത്തിന്റെ രക്ഷാകരമായ ശക്തിയ്ക്കു മതിയായ സാക്ഷ്യവും ക്രിസ്തീയവിശ്വാസത്തിനു സാക്ഷാത്തായ തെളിവും ആകുന്നു.

ശരീരം നാശവിധേയമാകുന്നു. എന്നാൽ ദൈവത്തിന്റെ സത്യം എന്നേക്കും നിലനില്ക്കുന്നു.

വെള്ളി. ലൂക്കോസ് 6: 39—45.

അനുദിന ജീവിതത്തിൽക്കൂടെ അറിയാതെ നാം മറ്റുള്ളവരെ സ്പർശിക്കുന്നുണ്ടു്. മറ്റുള്ളവരിൽനിന്നു പരിപൂർണ്ണമായി മറഞ്ഞിരിക്കുവാൻ നമുക്കു കഴിയുന്നതല്ല. പുൽതളിരിൽ മഞ്ഞുതുള്ളികൾ രൂപം പ്രാപിക്കുന്നതു് എത്ര സാവധാനത്തിലാണു്. അതേവിധത്തിൽ നമ്മുടെ വ്യക്തിത്വവും അന്യർക്കു സാവധാനത്തിൽവെളിപ്പെട്ടുവരും. "അയാൾ ഒരു ക്രിസ്ത്യാനിയാണോ?" ഒരു യുവാവു് ഒരു പരിചിതനെപ്പറ്റി എന്നോടു് ആരാഞ്ഞു. "ഉവ്വ്. മതകാര്യങ്ങളെപ്പറ്റി അധികമൊന്നും അയാൾ സംസാരിച്ചുകേൾക്കാറില്ല. എന്നാലും അയാൾ ഒരു ക്രിസ്ത്യാനിയാണെന്നു